SAMASTHA KERALA
SUNNI MAHALLU FEDERATION (SMF)
STATE COMMITTEE

Date : 06-04-2026

Ref : സർക്കുലർ നമ്പർ: SMF CIR/GEN/06/2026

# SMF ഗോൾഡൻ ജൂബിലി
# ഉദ്ഘാടന മഹാ സമ്മേളനം

2026 ഏപ്രിൽ 26 ഞായർ 05 pm,
സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ നഗർ, ചെമ്മാട്

പ്രിയപ്പെട്ട മഹല്ല് ഭാരവാഹികൾക്ക്, ക്ഷേമം നേരുന്നു. നിങ്ങൾക്ക് ആരോഗ്യവും സുരക്ഷയും സ്ഥിരമായ നന്മയും ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ബഹുമാന്യരെ, السّلام عليكم

സമസ്ത കേരള സുന്നി മഹല്ല് ഫെഡറേഷന്റെ ഗോൾഡൻ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംസ്ഥാന തലത്തിൽ സംഘടിപ്പിക്കുന്ന SMF ഗോൾഡൻ ജൂബിലി ഉദ്ഘാടന മഹാസമ്മേളനം **2026 ഏപ്രിൽ 26 ഞായറാഴ്ച വൈകുന്നേരം 5.00 മണിക്ക് ചെമ്മാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ നഗറിൽ വെച്ച്** നടക്കുന്നതാണ്.

'നേർവഴിയുടെ നാൾവഴി' എന്ന പ്രമേയത്തിൽ നടക്കുന്ന ഈ മഹാസമ്മേളനം, SMF ന്റെ അമ്പത് വർഷത്തെ ദീർഘമായ സേവനയാത്രയുടെ മഹത്തായ ചരിത്രഘട്ടമാണ്. സമസ്തയുടെ മഹല്ല് സംവിധാനത്തിന്റെ ശക്തി പ്രകടമാക്കുന്ന ഈ വേദിയിൽ എല്ലാ മഹല്ലുകളുടെയും സജീവ പങ്കാളിത്തം അനിവാര്യമാണ്.

## മഹല്ല് തലത്തിൽ നിർബന്ധമായും നടപ്പിലാക്കേണ്ട കാര്യങ്ങൾ

### ഫ്ളക്സ് ബോർഡ് പ്രദർശനം

- സംസ്ഥാന കമ്മിറ്റി നൽകുന്ന പോസ്റ്റർ പൊതുജനങ്ങൾ കാണുന്ന രീതിയിൽ പള്ളികളിൽ പതിക്കുകയും 6X4 വലിപ്പത്തിലുള്ള ഫ്ളക്സുകൾ പ്രിന്റ് ചെയ്ത് സ്ഥാപിക്കുകയും ചെയ്യുക.
- ഫ്ളക്സ് ഡിസൈൻ സ്റ്റേറ്റ് കമ്മിറ്റി സോഷ്യൽ മീഡിയ വഴി നൽകുന്നതാണ്.

### ജുമുഅ പ്രചരണം (ഏപ്രിൽ 24 വെള്ളിയാഴ്ച)

- മഹല്ലിലെ പള്ളികളിൽ ജുമുഅ ഖുത്ബ/അറിയിപ്പുകൾ മുഖേന ഉദ്ഘാടന സമ്മേളനത്തിലേക്ക് വിശ്വാസികളെ ക്ഷണിക്കുക.
- സമസ്തയുടെ കീഴിൽ SMFന്റെ സേവന പാരമ്പര്യവും ഗോൾഡൻ ജൂബിലിയുടെ പ്രാധാന്യവും ജനങ്ങളിൽ ഉണർത്തുക.

### പങ്കാളിത്തം ഉറപ്പാക്കൽ

- മഹല്ല് ഭാരവാഹികൾ, പ്രവർത്തക സമിതി അംഗങ്ങൾ, യുവജന പ്രവർത്തകർ, പൊതുജനങ്ങൾ എന്നിവരുടെ പരമാവധി സാന്നിധ്യം ഉറപ്പാക്കുക.

S.K.S.M.F. P.O.THENHIPALAM 673636 SAMASTHALAYAM, CHELARI

- മറുപുറം -

**വാഹന സൗകര്യം**

- പങ്കെടുക്കുന്നവർക്കായി മതിയായ വാഹനങ്ങൾ ക്രമീകരിക്കുക.
- മഹല്ലിലെ മുഴുവൻ വിശ്വാസികളെയും പങ്കെടുപ്പിക്കാൻ പ്രോത്സാഹിപ്പിക്കുക.

**സംഘടിത നേതൃത്വം**

- ഓരോ മഹല്ലിലും പ്രത്യേക കോർഡിനേഷൻ ടീം രൂപീകരിച്ച് പരിപാടി ക്രമീകരണം കാര്യക്ഷമമാക്കുക.

ഈ മഹാസമ്മേളനത്തിൽ മത-രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിലെ ദേശീയ സംസ്ഥാന നേതാക്കൾ, സമസ്തയുടെയും പോഷക ഘടകങ്ങളുടെയും നേതാക്കൾ തുടങ്ങി പ്രമുഖർ പങ്കെടുക്കും. ഈ മഹാസമ്മേളനം സമസ്തയുടെ കീഴിലുള്ള മഹല്ല് പ്രസ്ഥാനത്തിന്റെ ഐക്യവും ശക്തിയും പ്രകടമാക്കുന്ന ചരിത്രവേദിയാണ്. അതിനാൽ മഹല്ല് തലത്തിൽ ശക്തമായ ഇടപെടലും സജീവ പങ്കാളിത്തവും ഉറപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അല്ലാഹു തആല നമ്മുടെ സേവനങ്ങൾ സ്വീകരിക്കുകയും വിജയിപ്പിക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ

**'നേർവഴിയുടെ നാൾവഴി'**

# SMF @ 50 - ഗോൾഡൻ ജൂബിലി (1976-2026)

*2026 ഏപ്രിൽ 26 - 2027 ജനുവരി 17*

---

## 2026 ഏപ്രിൽ 26 - SMF Day ദിനാചരണം

SMF സ്ഥാപിതമായി 50 വർഷം പൂർത്തിയാകുന്ന ഈ ചരിത്ര മുഹൂർത്തത്തിൽ, SMF Day (ഏപ്രിൽ 26) സംസ്ഥാനത്തെ എല്ലാ മഹല്ലുകളിലും ആചരിക്കേണ്ടതാണ്. ഗോൾഡൻ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി താഴെ പറയുന്ന പരിപാടികൾ  സംഘടിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**SMF Day പരിപാടി ക്രമം (ഏപ്രിൽ 26)**

| | | |
|---|---|---|
| 08:00 am | : | പ്രാർത്ഥന (short) മഹല്ല് ഖതീബ് |
| 08:05 am | : | പതാക ഉയർത്തൽ - മഹല്ല് പ്രസിഡന്റ് (എല്ലാ മഹല്ലുകളിലും ഒരേ സമയം) |
| 08:10 am | : | മഹല്ലിലെ മുൻകാല നേതാക്കളെ അനുസ്മരണം. |
| 08:20 am | : | മഹല്ലിലെ മുൻകാല പ്രവർത്തകരെയും നേതാക്കളെയും ആദരിക്കൽ |
| 08:30 am | : | SMF നെ കുറിച്ചും പ്രവർത്തനങ്ങളെ കുറിച്ചും ഉദ്ബോധനം |
| 08:45 am | : | SMF ന്റെ, മഹല്ലിലെ മുൻകാല/ഇപ്പോഴത്തെ നേതാക്കൾക്കും വേണ്ടി പ്രത്യേക ദുആ & പ്രാർത്ഥന സംഗമം |
| 09.00 am | : | നന്ദി |

**<u>പ്രധാന നിർദ്ദേശങ്ങൾ</u>:** SMF DAY, ഗോൾഡൻ ജൂബിലി ഉദ്ഘാടന സമ്മേളനം എന്നിവ സംബന്ധിച്ച് ഏപ്രിൽ 24 വെള്ളി പള്ളികളിൽ ഉദ്ബോധനം നടത്തേണ്ടതാണ്, മഹല്ലിലെ സമസ്തയുടെയും പോഷക ഘടകങ്ങളുടെയും നേതാക്കളുടെ & ഉലമാക്കളുടെ സാന്നിധ്യം ഉറപ്പാക്കുക, എല്ലാ മഹല്ലുകളും സമയ ക്രമം കൃത്യമായി പാലിക്കണം, പരിപാടികൾ ഗൗരവത്തോടെയും ക്രമബദ്ധമായും സംഘടിപ്പിക്കുക, പ്രാദേശിക ഉലമാക്കളുടെയും നേതാക്കളുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കുക, പരിപാടികളുടെ ഫോട്ടോ/വിവരങ്ങൾ ബന്ധപ്പെട്ട യൂണിറ്റ്/ജില്ലാ കമ്മിറ്റികളിലേക്ക് കൈമാറുക.

**സാമൂഹിക സേവന പ്രവർത്തനങ്ങൾ**: SMF Day യോടനുബന്ധിച്ച് മഹല്ലുകൾക്ക് താഴെ പറയുന്ന സാമൂഹിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്, പാവപ്പെട്ട കുടുംബങ്ങൾക്ക് റിലീഫ് വിതരണം, വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയ സേവന പ്രവർത്തനങ്ങൾ

**സന്ദേശം**: 50 വർഷങ്ങളുടെ സമർപ്പിത സേവന പാരമ്പര്യം അഭിമാനത്തോടെ ഓർക്കുമ്പോൾ, ഭാവിയിലെ ശക്തമായ സംഘടന നിർമ്മാണത്തിനുള്ള പുതിയ പ്രതിജ്ഞയുമായി മുന്നോട്ട് പോകേണ്ട ദിനമാണ് SMF Day. എല്ലാ മഹല്ലുകളും ഈ ചരിത്രദിനം ആത്മീയവും സംഘാടനപരവുമായ രീതിയിൽ ആഘോഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്,

S.K.S.M.F P.O.THENHIPALAM 673636 SAMASTHALAYAM, CHELARI

**യു. മുഹമ്മദ് ശാഫി ഹാജി (ഒപ്പ്)**

(ജന. സെക്രട്ടറി, SKSMF സംസ്ഥാന കമ്മിറ്റി)